പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം
നം.872

10.06.2019-ൽ മറുപടിയ്ക്ക്

## കുഞ്ചൻ സ്മാരകത്തിന്റെ ഭൗതിക സാഹചര്യങ്ങൾ

**ചോദ്യം**

ശ്രീ. പി. ഉണ്ണി

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി)

എ) പാലക്കാട് ജില്ലയിലെ ഏക സാംസ്കാരിക സ്ഥാപനമായ കുഞ്ചൻ സ്മാരകത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ;

ബി) 1/7/2016 മുതൽ 31/3/2019 വരെ കുഞ്ചൻ സ്മാരകത്തിനായി എത്ര തുക അനുവദിച്ചു; ഏതെല്ലാം ഇനങ്ങളിൽ, എന്തിനെല്ലാം വേണ്ടിയായിരുന്നു അനുവദിച്ചത്; വിശദമായ റിപ്പോർട്ട് നൽകാമോ?

(എ-യും, ബി-യും) പാലക്കാട് ജില്ലയിൽ ലക്കിടി കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്/വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന പട്ടിക പ്രകാരമുള്ള വിവിധ ധനസഹായങ്ങൾ ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്.

| സാമ്പത്തിക വർഷം | ക്രമ നമ്പർ | അനുവദിച്ച തുക | ആവശ്യം |
|---|---|---|---|
| 2016-17 | 1 | 13,94,000/- രൂപ | ചുറ്റു മതിൽ നിർമ്മാണം, കിണർ നിർമ്മാണം, കെടാവിളക്ക് സംരക്ഷണം |
| | 2 | 10,00,000/- രൂപ | ക്ലാസ്സ് മുറികൾ നിർമ്മാണം |
| | 3 | 25,00,000/- രൂപ | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിമ്മാണം |
| | 4 | 4,00,000/- രൂപ | വാർഷിക/ആവർത്തന ഗ്രാന്റ് |
| 2017-18 | 5 | 9,50,000/- രൂപ | അടിസ്ഥാന സൗകര്യ വികസനം |
| | 6 | 5,00,000/- രൂപ | തുള്ളൽ മഹോത്സവം നടത്തിപ്പ് |

| | | | |
|---|---|---|---|
| | 7 | 5,00,000/- രൂപ | വാർഷിക/ആവർത്തന ഗ്രാന്റ് |
| | 8 | 3,00,000/- രൂപ | കലാ പ്രവർത്തനങ്ങൾക്കുള്ള അധിക ധനസഹായം |
| 2018-19 | 9 | 4,95,000/- രൂപ | ക്ലാസ്സ് മുറികൾ നിർമ്മാണം |
| | 10 | 5,00,000/- രൂപ | വാർഷിക/ആവർത്തന ഗ്രാന്റ് |
| | 11 | 50,00,000/- രൂപ | വിവിധ വികസന പ്രവർത്തനങ്ങൾക്ക് |
| 2019-20 | 12 | 5,00,000/- രൂപ | വാർഷിക/ആവർത്തന ഗ്രാന്റ് |

സെക്ഷൻ ഓഫീസർ